പേരാമ്പ്ര പോലീസ് ക്വാർട്ടേഴ്സ്

393. [502] ശ്രീ. എ. കെ. പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പേരാമ്പ്ര പോലീസ് ക്വാർട്ടേഴ്സിന്റെ നിർമ്മാണം സ്വന്തം നോ വസ്ഥയിലാണെന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വാടക കെട്ടിടത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന പോലീസ് ക്വാർട്ടേഴ്സ് കെട്ടിട ഉടമ ഒഴിപ്പിച്ചതിന്റെ ഫലമായി പോലീസുകാർക്ക് താമസിക്കുവാൻ കെട്ടിടമില്ലെന്ന വസ്തുത ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(സി) പോലീസുകാർക്ക് താമസിക്കുവാനുള്ള ബദൽ സംവിധാനം പൂർപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്,

(ബി) ഉണ്ട്.

(സി) ആവശ്യപ്പെടുന്നപക്ഷം ബദൽ സംവിധാനം ഏർപ്പെടുത്തുവാൻ നടപടി സ്വീകരിക്കുന്നതാണ്.

പീരുമേട് പോലീസ് സ്റ്റേഷൻ കെട്ടിടം പണി

394. [503] ശ്രീ. കെ. കെ. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) എട്ടാം ധനകാര്യ കമ്മീഷന്റെ ശുപാർശയനുസരിച്ച് പുതിയ പോലീസ് സ്റ്റേഷനുകൾ നിർമ്മിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) അതനുസരിച്ച് പീരുമേട് പോലീസ് സ്റ്റേഷന്റെ കെട്ടിടം പണിയുന്നതിനുള്ള നടപടി സ്വീകരിക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 1987-88-ൽ പണിയുവാൻ വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു.

ഏലപ്പാറ പഞ്ചായത്ത് പീരുമേട് പോലീസ് സ്റ്റേഷന്റെ കീഴിലാക്കാൻ നടപടി

395. [504] ശ്രീ. കെ. കെ. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാഗമൺ വില്ലേജിലെ ഏലപ്പാറ പഞ്ചായത്ത് പ്രദേശങ്ങൾ ഇപ്പോൾ ഏത് പോലീസ് സ്റ്റേഷനതിർത്തിയിലാണ് ;

(ബി) അത് പീരുമേട് സ്റ്റേഷനോട് ചേർക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly